പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4978 — 27 - 06-2019-ൽ മറുപടിക്ക്.

## സി-ഡിറ്റിന്റെ സാമ്പത്തിക പ്രതിസന്ധി

ചോദ്യം

ശ്രീ.ഷാഫി പറമ്പിൽ
ശ്രീ. അൻവർ സാദത്ത്
ശ്രീ. റോജി എം.ജോൺ
ശ്രീ.കെ.സി.ജോസഫ്

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സി-ഡിറ്റ് നിലവിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | സി-ഡിറ്റിന് നിലവിൽ സാമ്പത്തിക പ്രതിസന്ധിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രൊഫഷണൽ / മാനേജ്മെന്റ് യോഗ്യതകൾ സിദ്ധിച്ച ജീവനക്കാർ സി-ഡിറ്റിൽ ഉള്ളപ്പോൾ സർവ്വീസിൽ നിന്നും വിരമിച്ചവരെ നിയമിക്കുന്നത് വമ്പിച്ച ബാധ്യതയുണ്ടാക്കുന്നതിനാൽ ഇക്കാര്യം പുനഃപരിശോധിക്കുമോ; | (ബി) യും (സി) യും | സി-ഡിറ്റിലെ രജിസ്ട്രാർ തസ്തികയിലേക്ക് പുതിയ നിയമന നടപടികൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ തസ്തിക ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നത് കണക്കിലെടുത്ത് രജിസ്ട്രാർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. ജി. ജയരാജിന് 01.03.2019 മുതൽ 31.05.2019 വരെ രജിസ്ട്രാറായി പുനർ നിയമനം നൽകിയിരുന്നു. സി-ഡിറ്റ് സർവ്വീസിൽ നിന്നും വിരമിച്ച മറ്റാർക്കും നിലവിൽ സി-ഡിറ്റിൽ പുനർനിയമനം നൽകിയിട്ടില്ല. |
| (സി) | നിലവിൽ സി-ഡിറ്റിൽ സർവ്വീസിൽ നിന്നും വിരമിച്ച എത്ര പേർക്ക് പുനർനിയമനം നൽകിയിട്ടുണ്ട്; ഏതൊക്കെ തസ്തികയിലെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ